**പതിനഞ്ചാം കേരള നിയമസഭ**

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി**
**(2023-2026)**

**നാല്പത്തിയഞ്ചാമത് റിപ്പോർട്ട്**

**(2026 ഫെബ്രുവരി 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026) യുടെ**
**മുപ്പത്തിയഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ**
**സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

**പതിനഞ്ചാം കേരള നിയമസഭ**

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി**
**(2023–2026)**

# നാല്പത്തിയാറാമത് റിപ്പോർട്ട്

**(2026 ഫെബ്രുവരി 04 തീയതി സഭയിൽ സമർപ്പിച്ചത് )**

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023–2026) യുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | - | |
| അവതാരിക | - | |
| റിപ്പോർട്ട് | - | |
| അനുബന്ധം I (എസ്.ആർ.ഒ നമ്പർ 322/2025) | - | |
| അനുബന്ധം II (എസ്.ആർ.ഒ നമ്പർ 329/2025) | - | |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2023-2026)

## ഘടന

**<u>ചെയർപേഴ്സൺ:</u>**

ശ്രീ. എം. എം. മണി, എം. എൽ. എ.,

**<u>അംഗങ്ങൾ:</u>**

ശ്രീ. കെ. യു. ജനീഷ് കുമാർ, എം. എൽ. എ.,

ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.,

ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ.,

ശ്രീ. എം. മുകേഷ്, എം. എൽ. എ.,

ശ്രീ. സി. സി. മുകുന്ദൻ, എം. എൽ. എ.,

ശ്രീ. വി. കെ. പ്രശാന്ത്, എം. എൽ. എ.,

ശ്രീ. സജീവ് ജോസഫ്, എം. എൽ. എ.,

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം. എൽ. എ.,

**<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>**

ഡോ. എൻ. കൃഷ്ണ കുമാർ,സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

## അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2023-2026)-യുടെ ചെയർപേഴ്സണായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ നാല്പത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2023-26) യുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിനഞ്ചാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2023-2026)-യുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് 2024 ഒക്ടോബർ മാസം 14-ാം തീയതി സഭയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ സമിതിയുടെ 14.05.2025 തീയതിയിലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടികളും കൂടാതെ അന്തിമ മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത ശിപാർശയെ സമിതിയുടെ തുടർശിപാർശയായും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി..... മാസം .2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,
ചെയർപേഴ്സൺ,
സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.

തിരുവനന്തപുരം,
2026 ഫെബ്രുവരി...04

# റിപ്പോർട്ട്

പതിനഞ്ചാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2023-26)-യുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് 2024 ഒക്ടോബർ മാസം 14-ാം തീയതി സഭയിൽ സമർപ്പിച്ചിരുന്നു.

1999- ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ടിനു കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 986/2021 (2021-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി) സൂക്ഷ്മപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതി (2023-26)-യുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ടിൽ ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പുമായി ബന്ധപ്പെട്ട 37 ശിപാർശകളാണ് ഉണ്ടായിരുന്നത്. ആയതിൽ ശിപാർശ ഖണ്ഡിക 23 ഒഴികെ മറ്റെല്ലാ ശിപാർശകൾക്കും ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിൽ നിന്നും അന്തിമ മറുപടി ലഭിക്കുകയും ലഭിച്ച മറുപടികൾ സമിതിയുടെ 14.05.2025- ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും കൂടാതെ ശിപാർശ ഖണ്ഡിക 23 -മേലുള്ള അന്തിമ നടപടി പത്രിക അടിയന്തരമായി ലഭ്യമാക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

സമിതി (2023-26)-യുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച അന്തിമ മറുപടികളും അദ്ധ്യായം-I ആയും സർക്കാരിൽ നിന്നും അന്തിമ മറുപടി ലഭ്യമാക്കാൻ അവശേഷിക്കുന്ന ശിപാർശയും ആയത് സംബന്ധിച്ച സമിതിയുടെ തുടർ ശിപാർശയും അദ്ധ്യായം-II ആയും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## അദ്ധ്യായം - I

## സമിതി (2023-26)-യുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച അന്തിമ മറുപടികളും

## 2021-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി

## എസ്.ആർ.ഒ നമ്പർ 986/2021

### ശിപാർശ (ഖണ്ഡിക 1)

1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്റ്റിൽ 'നിക്ഷേപ നിധി' എന്നത് രണ്ട് വാക്കുകളായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതി സംബന്ധിച്ച പ്രസ്തുത എസ്.ആർ.ഒ.യുടെ പീഠികയിലെ ഒന്ന്, അഞ്ച് വരികളിൽ 'നിക്ഷേപനിധി' എന്ന് ഒറ്റവാക്കായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് ആക്റ്റിലേതുപോലെ 'നിക്ഷേപ നിധി' എന്ന് രണ്ട് വാക്കുകളാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി/മറുപടി

പ്രസ്തുത ശിപാർശയിന്മേൽ തിരുത്തൽ വിജ്ഞാപനം (എസ്.ആർ.ഒ. നം.322/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

### ശിപാർശ (ഖണ്ഡിക 2)

ഖണ്ഡിക 1(1)-ലെ 'പദ്ധതിയ്ക്ക്' എന്നത് 'പദ്ധതിക്ക്' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി/മറുപടി

പ്രസ്തുത ശിപാർശയിന്മേൽ തിരുത്തൽ വിജ്ഞാപനം (എസ്.ആർ.ഒ. നം.322/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 3)**

ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയെക്കുറിച്ച് വ്യവസ്ഥ ചെയ്യുന്നത് ഖണ്ഡിക 13(1)-ലാണ്. അതിനാൽ ഖണ്ഡിക 2(1)(സി)-യിലെ ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയുടെ നിർവചനത്തിൽ '13-ാം ഖണ്ഡിക' എന്നതിനു പകരം, 'ഖണ്ഡിക 13(1)' എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നം.329/ 2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 4)**

ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയെ ബോർഡ് നിയമിക്കേണ്ടതാണെന്ന് ഖണ്ഡിക 13(1) വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ബോർഡ് രൂപീകരിക്കുന്ന കമ്മിറ്റി എന്നാണ് ഖണ്ഡിക 2(1)(സി)-ൽ ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയെ നിർവചിച്ചിരിക്കുന്നത്. അതിനാൽ ഏകീകരിക്കുന്നതിനായി ഖണ്ഡിക 13(1)-ലേതു പോലെ ഖണ്ഡിക 2(1)(സി)-യിലെ 2-ാമത്തെ വരിയിലെ 'രൂപീകരിക്കുന്ന' എന്ന വാക്കിനുപകരം 'നിയമിക്കുന്ന' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നം.329/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 5)**

ഖണ്ഡിക 2(1)(ഇ)-യിലെ ' നടപ്പിലാക്കുന്നത് ' എന്ന വാക്കിനുശേഷം, ',' ചിഹ്നം ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ തിരുത്തൽ വിജ്ഞാപനം (എസ്.ആർ.ഒ. നം.322/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ച്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 6)**

ഖണ്ഡിക 3(ബി)-ലെ 'ബാധകമാകുന്ന' എന്ന വാക്കിനുപകരം 'ബാധകമാക്കുന്ന' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ തിരുത്തൽ വിജ്ഞാപനം (എസ്.ആർ.ഒ. നം.322/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ച്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 7)**

ഖണ്ഡിക 4(1)-ലെ 'സാമ്പത്തിക സഹായം' എന്ന വാക്കിനുശേഷം ',' ചിഹ്നം ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ തിരുത്തൽ വിജ്ഞാപനം (എസ്.ആർ.ഒ. നം.322/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 8)**

അനുബന്ധമായി ചേർത്തിട്ടുള്ള ഫാറത്തെക്കുറിച്ച് പ്രതിപാദിക്കുന്നത് ഖണ്ഡിക 5(2)-ൽ ആണ്. ആയതിനാൽ ഫാറത്തിൽ 'ഖണ്ഡിക 5 കണ്ടാലും' എന്നതിനു പകരം 'ഖണ്ഡിക 5(2) കാണുക' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ തിരുത്തൽ വിജ്ഞാപനം (എസ്.ആർ.ഒ. നം.322/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 9)**

ഖണ്ഡിക 5(3)-ലെ 'സമർപ്പിക്കേണ്ടതാണ് ' എന്ന വാക്കിനുശേഷമുള്ള 'പ്രസ്തുത' എന്ന വാക്ക് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നം.329/ 2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 10)**

സ്പോൺസറിംഗ് ഏജൻസിയുടെ ഓഫീസുകൾ എന്നതിൽ പ്രോജക്റ്റിന് സമീപത്തുള്ള ഓഫീസുകളും ഉൾപ്പെടുമെന്നതിനാൽ ഖണ്ഡിക 5(2)-ലെ 2-ാമത്തെ വരിയിലെ 'സ്പോൺസറിംഗ് ഏജൻസിയുടെ ഓഫീസുകളിലെയും പ്രോജക്റ്റ് സ്ഥലത്തിന് സമീപത്തുള്ള അവരുടെ ഓഫീസുകളിലെയും നോട്ടീസ് ബോർഡുകളിലും

സ്പോൺസറിംഗ് ഏജൻസികളുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്.' എന്നതിനുപകരം 'സ്പോൺസറിംഗ് ഏജൻസിയുടെ ഓഫീസുകളിലെ നോട്ടീസ് ബോർഡുകളിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്.' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നം.329/ 2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 11)**

ഖണ്ഡിക 5(3)-ലെ പ്രോജക്റ്റിനെ സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കുന്നത് സംബന്ധിച്ചുള്ള "പ്രത്യേക സാഹചര്യത്തിൽ ബോർഡിന്റെ അനുമതിയോടുകൂടി പതിനഞ്ച് ദിവസമായി ചുരുക്കാവുന്നതാണെന്ന" വ്യവസ്ഥ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നം.329/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 12)**

ഖണ്ഡിക 5(4) പ്രകാരം പ്രസ്തുത പ്രോജക്റ്റിനെ സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിശോധിച്ചതിനുശേഷം, സ്പോൺസറിംഗ് ഏജൻസിക്ക്, ആക്ഷേപങ്ങളും അഭിപ്രായങ്ങളും ലഭിക്കുന്നതിനുള്ള അവസാന തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ, ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചതിനുശേഷം അതിന് യുക്തമെന്ന് തോന്നുന്ന ഭേദഗതികൾ നിർദേശിച്ചുകൊണ്ട് സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ആയത് ഖണ്ഡിക 5(4) 'പ്രസ്തുത പ്രോജക്റ്റിനെ സംബന്ധിച്ച് ലഭിക്കുന്ന ആക്ഷേപങ്ങളും അഭിപ്രായങ്ങളും

പരിശോധിച്ച് മുപ്പത് ദിവസക്കാലയളവിനുള്ളിൽ അതിന്മേൽ യുക്തമെന്ന് തോന്നുന്ന ഭേദഗതികൾ സ്പോൺസറിംഗ് ഏജൻസി നിർദേശിച്ചുകൊണ്ട് ഒരു റിപ്പോർട്ട് ബോർഡിന് സമർപ്പിക്കേണ്ടതാണ്" എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നം.329/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ച്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 13)**

ഖണ്ഡിക 6(1)-ലെ 'പൊതു-സ്വകാര്യപങ്കാളിത്ത രീതിയിൽ' എന്നത് 'പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിൽ' എന്നും 'പ്രത്യക്ഷ പരോക്ഷ' എന്നത് 'പ്രത്യക്ഷ - പരോക്ഷ' എന്നും ആക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നം.329/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ച്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 14)**

ഖണ്ഡിക 6(1)-ലെ വാല്യൂ ഫോർ മണി ടെസ്റ്റ് വിലയിരുത്തുന്നത് ആരാണെന്നുള്ളത് വ്യക്തമാക്കിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി, പ്രസ്തുത ടെസ്റ്റ് നടത്തുന്നത് ബോർഡ് ആയതിനാൽ ഖണ്ഡിക 6(1)-ൽ ആയതിനുള്ള അധികാരം വ്യക്തമാക്കുന്നതിന് ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നം.329/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 15)**

ഖണ്ഡിക 6(4)-ൽ 'വാല്യൂ ഫോർ മണി ടെസ്റ്റ്', പ്രോജക്റ്റിന്റെ അവലോകനം, അംഗീകാരം എന്നീ ഘട്ടങ്ങളിലും ദർഘാസിന്റെ പരിശോധനാസമയത്തും വിജയിയായ കരാറുകാരന് ദർഘാസ് നൽകുന്നതിന് മുൻപ്, ദർഘാസ് നൽകിയതിനുശേഷം എന്നീ ഘട്ടങ്ങളിലും ആവശ്യമായി വരുമ്പോഴൊക്കെയും ബോർഡ് തീരുമാനിക്കുന്ന പ്രകാരം പ്രോജക്റ്റിന്റെ വിവിധ ഘട്ടങ്ങളിൽ നടത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ആയത് കൂടുതൽ വ്യക്തമാക്കുന്നതിനായി പ്രോജക്റ്റിന്റെ അവലോകനം, അംഗീകാരം എന്നീ ഘട്ടങ്ങളിലും ദർഘാസിന്റെ പരിശോധനാസമയത്തും വിജയിയായ കരാറുകാരന് ദർഘാസ് നൽകുന്നതിന് മുൻപും ദർഘാസ് നൽകിയതിന് ശേഷവും പിന്നീട് ആവശ്യമായി വരുമ്പോഴൊക്കെയും സാമ്പത്തികമായി പരമാവധി ഗുണം ഉറപ്പുവരുത്തുന്നതിനായി ബോർഡ് തീരുമാനിക്കുന്ന പ്രകാരം പ്രോജക്റ്റിന്റെ വിവിധ ഘട്ടങ്ങളിൽ 'വാല്യൂ ഫോർ മണി ടെസ്റ്റ് നടത്തേണ്ടതാണ്' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നം.329/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 16)**

ഖണ്ഡിക 7-ൽ മറ്റ് ഉപഖണ്ഡിക ഇല്ലാത്തതിനാൽ 7(1)-ലെ '1' ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ തിരുത്തൽ വിജ്ഞാപനം (എസ്.ആർ.ഒ. നം.322/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 17)**

ഖണ്ഡിക 7(1)(എ)-ൽ 1-ാമത്തെ വരിയിലെ 'ഡിമാൻഡ് സപ്ലൈ പ്രൊജക്ഷൻ' എന്നതിനു പകരം 'ഡിമാൻഡ് ആൻഡ് സപ്ലൈ പ്രൊജക്ഷൻ' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ തിരുത്തൽ വിജ്ഞാപനം (എസ്.ആർ.ഒ. നം.322/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 18)**

ഖണ്ഡിക 7(1)(ബി)-യിലെ ക്ലിപ്ത നിബന്ധനയിൽ 'കീ പെർഫോർമൻസ് ഇൻഡിക്കേറ്റേഴ്സ്' എന്നത് ഇംഗ്ലീഷിലും, മലയാളത്തിലും കൊടുത്തിരിക്കുന്നു. അതിനാൽ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന 'key performance indicators' എന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നം.329/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 19)**

ഖണ്ഡിക 7(1)(എഫ്)-ലെ 'ഫിനാൻഷ്യൽ ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ (IRR)' എന്നതിലെ 'ഫിനാൻഷ്യൽ' എന്ന പദം ഒഴിവാക്കി (ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ-IRR) എന്നും '(ഇക്കണോമിക് റേറ്റ് ഓഫ് റിട്ടേൺ (ERR)' എന്നത് '(ഇക്കണോമിക് റേറ്റ് ഓഫ്

റിട്ടേൺ-ERR)' എന്നും 3-ാമത്തെ വരിയിലെ 'വരുമാന തോത്' എന്നതിനു പകരം ' വരുമാന നിരക്ക്' എന്നും ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നം.329/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 20)**

ഖണ്ഡിക 7(1)(ജെ)-യിലെ 'സാങ്കേതിക സാമ്പത്തിക' എന്നത് 'സാങ്കേതിക-സാമ്പത്തിക' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ തിരുത്തൽ വിജ്ഞാപനം (എസ്.ആർ.ഒ. നം.322/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 21)**

ഖണ്ഡിക 9(1)-ൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പ്രോജക്റ്റുകൾ സമർപ്പിക്കുന്നതിന് മുൻപായി ബോർഡിന്റെ പി.എഫ്.എം.എസ്. വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിൽ പി.എഫ്.എം.എസ്. എന്നതിനുശേഷം ബ്രാക്കറ്റിൽ 'പ്രോജക്റ്റ് ആൻഡ് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റം' എന്ന് ഉൾപ്പെടുത്തി കൂടുതൽ വ്യക്തത വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നം.329/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 22)**

ഖണ്ഡിക 9(4)-ലെ 'പൊതു സ്വകാര്യ പങ്കാളിത്ത' എന്നത് 'പൊതു - സ്വകാര്യ പങ്കാളിത്ത' എന്നും 9(4)(ഡി)-യിലെ '(Request for Proposal, RFP)' എന്നത് '(Request for Proposal-RFP)' എന്നും '(Request for Qualification, RFQ)' എന്നത് '(Request for Qualification-RFQ)' എന്നും ഭേദഗതി വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ തിരുത്തൽ വിജ്ഞാപനം (എസ്.ആർ.ഒ. നം.322/ 2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 24)**

ഖണ്ഡിക 12(2)-ൽ 2-ാമത്തെ വരിയിലെ 'നിർവ്വഹണ ഘട്ടം' എന്നത് 'നിർവ്വഹണഘട്ടം' എന്നും 3-ാമത്തെ വരിയിലെ 'പ്രവൃത്തികളുടെ ഗുണനിലവാരം' എന്നത് 'പ്രവൃത്തികളുടെഗുണനിലവാരം' എന്നും 4-ാമത്തെ വരിയിലെ 'നടപടി ക്രമങ്ങൾ' എന്നത് 'നടപടിക്രമങ്ങൾ' എന്നും 5-ാമത്തെ വരിയിലെ 'പ്രൊജക്റ്റ് ' എന്നത് 'പ്രോജക്റ്റ് ' എന്നും ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ തിരുത്തൽ വിജ്ഞാപനം (എസ്.ആർ.ഒ. നം.322/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 25)**

ഖണ്ഡിക 12(3)-ൽ 2-ാമത്തെ വരിയിലെ 'എക്സ്ക്യൂട്ടീവ് ഓഫീസർക്കോ' എന്നത് 'എക്സിക്യൂട്ടീവ് ഓഫീസർക്കോ' എന്നും 7-ാമത്തെ വരിയിലെ 'ശുപാർശ' എന്നത് 'ശിപാർശ' എന്നും ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ തിരുത്തൽ വിജ്ഞാപനം (എസ്.ആർ.ഒ. നം. 322/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ. 2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 26)**

ഖണ്ഡിക 12(4)-ൽ 'ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ' അംഗീകാരത്തോടെ തിരുത്തൽ നടപടി പാലിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. 'ക്ഷമതയുള്ള അധികാര സ്ഥാനം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആരെയാണെന്ന് തെളിവെടുപ്പ് യോഗത്തിൽ സമിതി ആരാഞ്ഞിരുന്നു. 'ക്ഷമതയുള്ള അധികാര സ്ഥാനത്തിന്റെ' എന്ന പദം ആശയക്കുഴപ്പം സൃഷ്ടിക്കുമെന്നതിനാൽ 'ക്ഷമതയുള്ള അധികാര സ്ഥാനം' എന്നത് നിർവ്വചിക്കേണ്ടതാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ 'ക്ഷമതയുള്ള അധികാര സ്ഥാനം' എന്നത് നിർവ്വചനത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ.നം.329/ 2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 27)**

ഖണ്ഡിക 12(5)-ൽ നിർവഹണത്തിന്റെ ഗുണനിലവാരത്തിൽ, ഏതെങ്കിലും ന്യൂനത കാണുകയാണെങ്കിൽ ആയത് സർക്കാരിലേക്ക് യുക്തമായ നടപടികൾക്കായി റഫർ ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ആരാണ് റഫർ ചെയ്യേണ്ടതെന്നും യുക്തമായ നടപടികൾ എന്താണെന്നും വ്യക്തമാക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിച്ചു. പ്രസ്തുത വിഷയത്തിൽ ബോർഡ് തന്നെയാണ് റഫർ ചെയ്യേണ്ടതെന്നും, 'യുക്തമായ നടപടി' എന്നത് സർക്കാരിന്റെ വിശേഷാധികാരത്തിൽ വരുന്ന കാര്യമായതുകൊണ്ട് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ് അക്കാര്യത്തിൽ തീരുമാന

മെട്ടുക്കുന്നതെന്നും കൂടാതെ കണ്ടെത്തുന്ന ഓരോ ന്യൂനതയിന്മേലും എന്ത് നടപടി സ്വീകരിക്കാമെന്നത് അതത് വിഷയത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ 'യുക്തമായ നടപടി' എന്നത് എന്താണെന്ന് മുൻകൂട്ടി നിർവ്വചിക്കാൻ സാധിക്കുകയില്ലെന്നും പി.ഡബ്ല്യൂ.ഡി. മാന്വലിലെയും മറ്റും പ്രൊവിഷൻ അനുസരിച്ചുള്ള നടപടികളാണ് സ്വീകരിക്കുന്നതെന്നും ന്യൂനതകൾ കണ്ടെത്തുന്ന ചില സ്ഥാപനങ്ങളെ കരിമ്പട്ടികയിൽപ്പെടുത്തുകയോ ചിലതിന് ഗവൺമെന്റ് ടെൻഡർ നൽകാതിരിക്കുകയോ ചെയ്യുന്നതുപോലെയുള്ള നടപടികൾ സ്വീകരിക്കുന്ന സാഹചര്യത്തിൽ വകുപ്പിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൂടി പരിഗണിച്ചാണ് 'യുക്തം' എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും വകുപ്പ് വ്യക്തമാക്കിയതിനെ തുടർന്ന് ഖണ്ഡിക 12(5)-ൽ 'യുക്തമായ നടപടിക്കായി' എന്നതിന് പകരം 'നിയമാനുസൃതമായ തുടർനടപടിക്കായി' എന്ന് മാറ്റം വരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി/മറുപടി</u>

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നം.329/ 2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക 28)</u>

ഖണ്ഡിക 14(2)-ന് ക്ലിപ്ത നിബന്ധനയുള്ളതിനാൽ 'നൽകേണ്ടതാണ്.' എന്നതിനുപകരം ' നൽകേണ്ടതാണ്: ' എന്നാക്കി ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി/മറുപടി</u>

പ്രസ്തുത ശിപാർശയിന്മേൽ തിരുത്തൽ വിജ്ഞാപനം (എസ്.ആർ.ഒ. നം.322/ 2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 29)**

ഖണ്ഡിക 14(2)-നുള്ള ക്ലിപ്ത നിബന്ധനയിലെ 'പ്രസ്തുത കാലയളവിൽ കുറഞ്ഞ നോട്ടീസ് കാലയളവിൽ' എന്നതിനുപകരം 'പ്രസ്തുത കാലയളവിനുള്ളിൽ നോട്ടീസ് നൽകി' എന്നാക്കി ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നം.329/ 2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 30)**

ഖണ്ഡിക 14(2)-നുള്ള ക്ലിപ്ത നിബന്ധനയിലും ഖണ്ഡിക 14(4)-ലും ഉള്ള 'അടിയന്തിര' എന്നത് 'അടിയന്തര' എന്നും ഖണ്ഡിക 14(3)-ലെ 'വീഡിയോ കോൺ ഫറൻസിലൂടെ' എന്നത് 'വീഡിയോ കോൺഫറൻസിംഗിലൂടെ' എന്നും ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ തിരുത്തൽ വിജ്ഞാപനം (എസ്.ആർ.ഒ. നം.322/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 31)**

ഖണ്ഡിക 14(4)-ന് ക്ലിപ്ത നിബന്ധനയുള്ളതിനാൽ 'സമർപ്പിക്കാവുന്നതാണ്". എന്നതിനുപകരം ' സമർപ്പിക്കാവുന്നതാണ് ! ' എന്നാക്കി ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ തിരുത്തൽ വിജ്ഞാപനം (എസ്.ആർ.ഒ. നം.322/ 2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ച്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 32)**

ഖണ്ഡിക 14(4)-നുള്ള ക്ലിപ്ത നിബന്ധനയിൽ അജണ്ട ഇന്ത്യയിലുള്ള എല്ലാ അംഗങ്ങൾക്കും നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതിലെ 'ഇന്ത്യയിലുള്ള' എന്ന വാക്ക് ഒഴിവാക്കി 'എല്ലാ അംഗങ്ങൾക്കും തപാൽ/ഇ-മെയിൽ മുഖാന്തിരം വിതരണം ചെയ്യാവുന്നതാണ്' എന്ന തരത്തിൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ.നം.329/ 2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ച്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 33)**

ഖണ്ഡിക 15-ൽ ബോർഡ് യോഗങ്ങളിൽ പങ്കെടുക്കുന്നതിനാണ് അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുന്നത് എന്നതിനാൽ ഖണ്ഡിക 15(1)-ലെ 3-ാമത്തെ വരിയിലെ "യോഗങ്ങളിൽ പങ്കെടുക്കുന്നതിന്" എന്നീ വാക്കുകൾക്ക് മുന്നിൽ 'ബോർഡ്' എന്ന വാക്ക് കൂടി ചേർത്ത് വ്യക്തത വരുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നം.329/ 2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ച്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 34)**

യോഗങ്ങളിൽ പങ്കെടുക്കുന്നതിന് സിറ്റിംഗ് ഫീസ് ആണ് നല്കുന്നതെന്നതിനാൽ 'ഓണറേറിയം' എന്ന പ്രയോഗം ഒഴിവാക്കി 'സിറ്റിംഗ് ഫീസ് ' എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നം.329/ 2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 35)**

ഖണ്ഡിക 16(2)-ൽ 1-ാമത്തെ വരിയിലെ 'ബോർഡിന്റെ കണക്കുകൾ അക്കൗണ്ട് സംബന്ധിച്ച്' എന്നതിനുപകരം 'ബോർഡിന്റെ വാർഷിക കണക്കുകൾ, അക്കൗണ്ട് സംബന്ധിച്ച് എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നം.329/ 2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ. 2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 36)**

ഖണ്ഡിക 16(3)-ൽ ഓഡിറ്റർക്ക് ബോർഡ് നിശ്ചയിക്കുന്ന പ്രകാരമുള്ള വേതനം ലഭിക്കുന്നതുമാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ഓഡിറ്റർക്ക് പ്രതിഫലമാണ് നൽകേണ്ടതെന്നതിനാൽ 'വേതനം' എന്നതിനുപകരം 'പ്രതിഫലം' എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നം.329/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 37)**

അനുബന്ധം 1-ൽ വ്യക്തമാക്കിയിട്ടുള്ള ഫാറത്തിലെ 2.3(സി)-യിൽ 'തെരഞ്ഞടുത്തത്" എന്നതിനു പകരം 'തെരഞ്ഞെടുത്തത് ?' എന്നും 2.10, 2.11 2.12-ൽ വാക്കുകളുടെ അവസാനം ' ? ' എന്ന ചിഹ്നവും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

പ്രസ്തുത ശിപാർശയിന്മേൽ തിരുത്തൽ വിജ്ഞാപനം (എസ്.ആർ.ഒ. നം.322/2025) പുറപ്പെടുവിച്ചിട്ടുണ്ട്.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 38)**

ആക്റ്റിലെ വകുപ്പ് 5A(3)-ൽ ബോർഡിലെ യോഗത്തിന്റെ അജണ്ട യോഗത്തിൽ ഹാജരായതും വോട്ട് ചെയ്യുതുമായ 2/3 അംഗങ്ങളുടെ ഭൂരിപക്ഷത്തോടെ തീരുമാനിക്കുമെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ഖണ്ഡിക 14(2)-ൽ യോഗതീയതിക്ക് ചുരുങ്ങിയത് 10 ദിവസം മുമ്പ് അജണ്ട സഹിതം അംഗങ്ങൾക്ക് യോഗത്തിനുള്ള അറിയിപ്പ് നൽകേണ്ടതാണെന്നും പറഞ്ഞിരിക്കുന്നു. രണ്ടും തമ്മിലുള്ള യോജിപ്പില്ലായ്മ നിരീക്ഷിച്ച സമിതി, ആക്റ്റിലെ വകുപ്പ് 5A(3)-ൽ അജണ്ടയിന്മേലുള്ള തീരുമാനമെന്നാണ് ഉദ്ദേശിക്കുന്നതെന്നും ഇംഗ്ലീഷ് ആക്റ്റിൽ വ്യക്തതക്കുറവില്ലെന്നും മലയാളം ആക്റ്റിലാണ് ആശയക്കുഴപ്പമുള്ളതെന്നും മനസ്സിലാക്കിയ സമിതി, ഭാവിയിൽ പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യുന്ന അവസരത്തിൽ ഈ ഭേദഗതി കൂടി ഉൾപ്പെടുത്തുവാൻ നിർദേശിച്ചു.

**സ്വീകരിച്ച നടപടി/മറുപടി**

കിഫ് ആക്റ്റ് ഭേദഗതി ചെയ്യുമ്പോൾ പ്രസ്തുത ഭേദഗതി ഉൾപ്പെടുത്തുന്നതാണെന്ന് വകുപ്പ് അറിയിച്ചു.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2 /52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 39)**

ബോർഡിലെ അംഗങ്ങളുടെ പ്രതിഫലം സംബന്ധിച്ച് ആക്ടിൽ പറയുന്നുണ്ടെങ്കിലും ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷനിലെ അംഗങ്ങൾക്ക് പ്രതിഫലം നൽകുന്നത് സംബന്ധിച്ച് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ആക്ടിന് അനുസൃതമല്ലാത്ത വ്യവസ്ഥ ഇത്തരത്തിൽ ഖണ്ഡിക 15-ൽ ഉൾപ്പെടുത്തിയതിലെ അപാകത പരിശോധിച്ച് സമിതിയെ അറിയിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

കിഫ് ആക്റ്റ് ഭേദഗതി ചെയ്യുമ്പോൾ ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷനിലെ അംഗങ്ങളുടെ പ്രതിഫലം സംബന്ധിച്ച വ്യവസ്ഥ കൂടി ഉൾപ്പെടുത്തുന്നതാണെന്ന് വകുപ്പ് മറുപടി നൽകി.

[ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ 27.03.2025 തീയതിയിലെ ഇൻഫ്രാ.2/52/2018/ധന.(Part 1) കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 14.05.2025 -ലെ യോഗം അംഗീകരിച്ചു.]

**അദ്ധ്യായം - II**

**സമിതി (2023-26)-യുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ടിന്മേൽ സർക്കാരിൽ നിന്നും അന്തിമ മറുപടി ലഭിക്കാനുള്ള ശിപാർശയും സമിതിയുടെ തുടർ ശിപാർശയും**

**ശിപാർശ (ഖണ്ഡിക 23)**

ഭേദഗതി ആക്ടിലെ 17(എ) വകുപ്പ് പ്രകാരം 'പരിശോധന അധികാര സ്ഥാനത്തെ' നിയമിച്ചിട്ടുണ്ടോയെന്നും, എന്നാണ് നിയമിച്ചതെന്നും അംഗങ്ങൾ ആരൊക്കെയാണെന്നും, അംഗങ്ങൾക്ക് വേണ്ട യോഗ്യതകൾ എന്താണെന്നും സമിതി ആരാഞ്ഞു. ഇൻസ്പെക്ഷൻ അതോറിറ്റിയിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥരുടെ യോഗ്യതകൾ സംബന്ധിച്ച് സർക്കാർ ഉത്തരവായിട്ടാണ് (14.02.2017-ലെ സ.ഉ.(എം.എസ്.)നമ്പർ 77/2017/ധന. പ്രകാരം) പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വകുപ്പ് അറിയിച്ചു. ആയത് എസ്.ആർ.ഒ. ആയി പുറപ്പെടുവിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിൽ എസ്.ആർ.ഒ. ആയി പുറപ്പെടുവിച്ചാൽ ഉദ്യോഗസ്ഥർക്ക് മതിയായ ക്വാളിഫിക്കേഷൻ ഇല്ലെങ്കിൽ ഗവൺമെന്റിന് ചെറിയൊരു ഇളവ് പോലും നൽകാൻ സാധിക്കുകയില്ലെന്ന് വകുപ്പ് മറുപടി നൽകി. ആക്ടിൽ By General/Special Order എന്ന് പ്രത്യേകമായി പറയുന്നത് കൊണ്ടും പ്രസ്തുത അധികാരം ഉപയോഗിച്ചാണ് ഉത്തരവിറക്കുന്നത് എന്നത് കൊണ്ടും നിയമനം എസ്.ആർ.ഒ. ആയി പുറപ്പെടുവി

ക്കേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. ലിബറൽ സ്റ്റാൻഡ് ലഭിക്കാനാണ് ആക്റ്റിൽ ബൈ ജനറൽ ഉപയോഗിച്ചിരിക്കുന്നതെന്നും ഇതുപോലുള്ള എല്ലാ ഉത്തരവുകളും എസ്.ആർ.ഒ. ആയി പുറപ്പെടുവിച്ചാൽ അതെല്ലാം സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വരുമെന്നും നോട്ടിഫിക്കേഷൻ വഴി നടത്തുന്ന നിയമനങ്ങളെ അത് ബാധിക്കില്ലെങ്കിലും കിഫ്ബിയുടെ ഓരോ നിയമനവും സബ് ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാകുമ്പോൾ ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടാകുമെന്നും നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. ആക്റ്റിൽ എസ്.ആർ.ഒ. പുറപ്പെടുവിക്കണമെന്ന് പറയുന്നതിനാൽ ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയത്തിന്മേൽ കോടതിയെ സമീപിച്ചാൽ സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള വാലിഡിറ്റി ലഭിക്കില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. ഇൻസ്പെക്ഷൻ അതോറിറ്റിയുടെ ഹെഡ്ഡിനെ സെൻട്രൽ ഗവൺമെന്റിൽ നിന്നും ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കണമെന്നാണ് പറയുന്നതെന്നും അത്തരത്തിൽ ഉദ്യോഗസ്ഥനെ ലഭിക്കാത്തതിനാലാണ് കരാർ അടിസ്ഥാനത്തിൽ നിയമിച്ചതെന്നും വകുപ്പ് മറുപടി നൽകി. എന്നാൽ അപ്രകാരം നിയമിക്കുന്നതിന് ആക്റ്റിൽ 'may appoint' എന്ന് മാത്രമേ കാണുകയുള്ളൂ എന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ആയതിനാൽ ഇൻസ്പെക്ഷൻ അതോറിറ്റിയിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥരുടെ യോഗ്യതകൾ, നിയമനം എന്നിവ എസ്.ആർ.ഒ. ആയി പ്രസിദ്ധീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സമിതിയുടെ തുടർ ശിപാർശ

സമിതി (2023-26)യുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക നം. 23 ശിപാർശയിന്മേലുള്ള അന്തിമ മറുപടി ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിൽ നിന്നും നാളിതു വരെ ലഭ്യമായിട്ടില്ല. ആയതിനാൽ പ്രസ്തുത ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയെ സംബന്ധിച്ച അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

എം. എം. മണി,

ചെയർപേഴ്സൺ,

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,

2026 ഫെബ്രുവരി 02

©
**കേരള സർക്കാർ**
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| **വാല്യം 14** Vol. XIV | **തിരുവനന്തപുരം, ചൊവ്വ** Thiruvananthapuram, Tuesday | **2025 മാർച്ച് 25** 25th March 2025 **1200 മീനം 11** 11th Meenam 1200 **1947 ചൈത്രം 4** 4th Chaithra 1947 | **നമ്പർ** No. **1151** |

## കേരള സർക്കാർ

## ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ്

### തിരുത്തൽ വിജ്ഞാപനം

**സ.ഉ.(അച്ചടി) നമ്പർ. 31/2025/ധനം.** **തിരുവനന്തപുരം, 2025, മാർച്ച് 23**

**എസ്. ആർ. ഒ. നമ്പർ 322/2025** **1200 മീനം 9.**

1999–ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്റ്റിലെ (2000–ലെ 4) 3–ാം വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ 2021 ഡിസംബർ 8–ാം തീയതിയിലെ സ.ഉ.(അച്ചടി)നം.167/2021/ധനം പ്രകാരം പുറപ്പെടുവിച്ചതും, 2021 ഡിസംബർ 24–ാം തീയതിയിലെ 3797–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ

എസ്.ആർ.ഒ. നമ്പർ 986/2021 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2021 – ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതിയിൽ,–

(i) പീഠികയിലെ ഒന്നും അഞ്ചും വരികളിൽ "നിക്ഷേപനിധി" എന്നത് "നിക്ഷേപ നിധി" എന്ന് വായിക്കേണ്ടതാണ്;

(ii) 1–ാം ഖണ്ഡികയിലെ (1)–ാം ഉപഖണ്ഡികയിൽ "പദ്ധതിയ്ക്ക്" എന്നത് "പദ്ധതിക്ക് " എന്ന് വായിക്കേണ്ടതാണ്;

(iii) 2–ാം ഖണ്ഡികയിലെ (1)–ാം ഉപഖണ്ഡികയിലെ ഇനം (ഇ)–ൽ "നടപ്പിലാക്കുന്നത് " എന്നത് "നടപ്പിലാക്കുന്നത്," എന്ന് വായിക്കേണ്ടതാണ്;

(iv) 3–ാം ഖണ്ഡികയിലെ ഇനം (ബി)–ൽ "ബാധകമാകുന്ന" എന്നത് "ബാധകമാക്കുന്ന" എന്ന് വായിക്കേണ്ടതാണ്;

(v) 4–ാം ഖണ്ഡികയിലെ (1)–ാം ഉപഖണ്ഡികയിൽ "സാമ്പത്തിക സഹായം" എന്നത് "സാമ്പത്തിക സഹായം," എന്ന് വായിക്കേണ്ടതാണ്;

(vi) 7–ാം ഖണ്ഡികയിൽ,–

(എ) (1)–ാം ഉപഖണ്ഡികയിൽ "(1)" എന്നത് ഒഴിവാക്കി വായിക്കേണ്ടതാണ്;

(ബി) ഇനം (എ)–ൽ "ഡിമാൻഡ് സപ്ലൈ പ്രൊജക്ഷൻ" എന്നത് "ഡിമാൻഡ് ആൻഡ് സപ്ലൈ പ്രൊജക്ഷൻ" എന്ന് വായിക്കേണ്ടതാണ്;

(സി) ഇനം (ജെ)–ൽ "സാങ്കേതിക സാമ്പത്തിക" എന്നത് "സാങ്കേതിക–സാമ്പത്തിക" എന്ന് വായിക്കേണ്ടതാണ്;

(vii) 9–ാം ഖണ്ഡികയിലെ (4)–ാം ഉപഖണ്ഡികയിൽ,–

(എ) ഒന്നാമത്തെ വരിയിൽ "പൊതു സ്വകാര്യ പങ്കാളിത്ത" എന്നത് "പൊതു–സ്വകാര്യപങ്കാളിത്ത" എന്ന് വായിക്കേണ്ടതാണ്;

(ബി) ഇനം (ഡി)–ൽ "(Request for Proposal,RFP)" എന്നത് "(Request for Proposal–RFP)" എന്നും "(Request for Qualification,RFQ)" എന്നത് "(Request for Qualification–RFQ)" എന്നും വായിക്കേണ്ടതാണ്;

(viii) 12–ാം ഖണ്ഡികയിൽ,–

(എ) (2)–ാം ഉപഖണ്ഡികയിലെ രണ്ടാമത്തെ വരിയിൽ "നിർവ്വഹണ ഘട്ടം" എന്നത് "നിർവ്വഹണഘട്ടം" എന്നും മൂന്നാമത്തെ വരിയിൽ "പ്രവൃത്തികളുടെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഗുണനിലവാരം" എന്നത് "പ്രവൃത്തികളുടെ ഗുണനിലവാരം" എന്നും നാലാമത്തെ വരിയിൽ "നടപടി ക്രമങ്ങൾ" എന്നത് "നടപടിക്രമങ്ങൾ" എന്നും അഞ്ചാമത്തെ വരിയിൽ "പ്രൊജക്റ്റ്" എന്നത് "പ്രോജക്റ്റ്" എന്നും വായിക്കേണ്ടതാണ്;

(ബി) (3)-ാം ഉപഖണ്ഡികയിലെ രണ്ടാമത്തെ വരിയിൽ "എക്സ്കൃൂട്ടീവ് ഓഫീസർക്കോ" എന്നത് "എക്സിക്യൂട്ടീവ് ഓഫീസർക്കോ" എന്നും ഏഴാമത്തെ വരിയിൽ "ശുപാർശ" എന്നത് "ശിപാർശ" എന്നും വായിക്കേണ്ടതാണ്;

(ix) 14-ാം ഖണ്ഡികയിൽ,-

(എ) (2)-ാം ഉപഖണ്ഡികയിൽ "നൽകേണ്ടതാണ്" എന്നത് "നൽകേണ്ടതാണ്:" എന്ന് വായിക്കേണ്ടതാണ്;

(ബി) (3)-ാം ഉപഖണ്ഡികയിൽ "വീഡിയോ കോൺഫറൻസിലൂടെ" എന്നത് "വീഡിയോ കോൺഫറൻസിംഗിലൂടെ" എന്ന് വായിക്കേണ്ടതാണ്;

(സി) (4)-ാം ഉപഖണ്ഡികയിലെ ഒന്നാമത്തെ വരിയിൽ "അടിയന്തിര" എന്നത് "അടിയന്തര"" എന്നും രണ്ടാമത്തെ വരിയിൽ "സമർപ്പിക്കാവുന്നതാണ്" എന്നത് "സമർപ്പിക്കാവുന്നതാണ്:" എന്നും വായിക്കേണ്ടതാണ്;

(x) അനുബന്ധം-1-ലെ,-

(എ) ശീർഷകത്തിനു കീഴിൽ "(ഖണ്ഡിക 5 കണ്ടാലും)" എന്നത് "(ഖണ്ഡിക 5(2) കാണുക)" എന്ന് വായിക്കേണ്ടതാണ്;

(ബി) ഇനം 2.3-ലെ ഉപ ഇനം സി)-ലെ "തെരഞ്ഞെടുത്തത്" എന്നത് "തെരഞ്ഞെടുത്തത് ?" എന്ന് വായിക്കേണ്ടതാണ്;

(സി) ഇനം 2.10-ലെ "ആവശ്യമാണോ" എന്നത് "ആവശ്യമാണോ?" എന്ന് വായിക്കേണ്ടതാണ്;

(ഡി) ഇനം 2.11-ലെ "വേണ്ടിവരുമോ" എന്നത് "വേണ്ടിവരുമോ?" എന്ന് വായിക്കേണ്ടതാണ്;

(ഇ) ഇനം 2.12-ലെ "ഘട്ടങ്ങളുണ്ടാകുമോ" എന്നത് "ഘട്ടങ്ങളുണ്ടാകുമോ?" എന്ന് വായിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. എ. ജയതിലക്,

*അഡീഷണൽ ചീഫ് സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് തിരുത്തൽ വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1999–ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്റ്റിലെ (2000 – ലെ 4) 3–ാം വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, 2021 ഡിസംബർ 8–ാം തീയതിയിലെ സ.ഉ. (അച്ചടി) നം.167/2021/ധനം പ്രകാരം പുറപ്പെടുവിച്ചതും, 2021 ഡിസംബർ 24–ാം തീയതിയിലെ 3797–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 986/2021 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2021 – ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതിയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2023–2026)–യുടെ 35–ാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ള പിശകുകൾ തിരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ തിരുത്തൽ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.03.25 06:39:50 +05:30

©
**കേരള സർക്കാർ**
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | **2025 മാർച്ച് 25**<br>25th March 2025<br>**1200 മീനം 11**<br>11th Meenam 1200<br>**1947 ചൈത്രം 4**<br>4th Chaithra 1947 | നമ്പർ No. **1158** |

**കേരള സർക്കാർ**

**ധനകാര്യ(ഇൻഫ്രാസ്ട്രക്ചർ)വകുപ്പ്**

**വിജ്ഞാപനം**

**സ.ഉ.(അച്ചടി) നമ്പർ. 32/2025/ധനം.** **തിരുവനന്തപുരം, 2025 മാർച്ച് 23**

**എസ്. ആർ. ഒ. നമ്പർ 329/2025** **1200 മീനം 9 .**

1999–ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്റ്റിലെ (2000–ലെ 4)3–ാം വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ 2021 ഡിസംബർ 8–ാം തീയതിയിലെ സ.ഉ.(അച്ചടി) നം.167/2021/ധനം പ്രകാരം പുറപ്പെടുവിച്ചതും, 2021 ഡിസംബർ 24–ാം തീയതിയിലെ 3797–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 986/2021 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2021–ലെ കേരള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി ഭേദഗതി ചെയ്യുന്നതിലേയ്ക്കായി ഇനിപ്പറയും പ്രകാരം പദ്ധതി ഉണ്ടാക്കുന്നു, അതായത്: –

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.– (1) ഈ പദ്ധതിക്ക് 2025–ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് 2021 ഡിസംബർ 24–ാം തീയതി പ്രാബല്യത്തിൽ വന്നതായി കണക്കാക്കേണ്ടതാണ്.

2. പദ്ധതിയുടെ ഭേദഗതി.– 2021–ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതിയിൽ,–

(1) 2–ാം ഖണ്ഡികയിലെ, (1)–ാം ഉപഖണ്ഡികയിലെ, ഇനം (സി)–ൽ,–

(എ) "13–ാം ഖണ്ഡിക" എന്ന അക്കങ്ങൾക്കും, ചിഹ്നങ്ങൾക്കും, അക്ഷരത്തിനും, വാക്കിനും പകരം "13 (1)–ാം ഖണ്ഡിക" എന്ന അക്കങ്ങളും, ബ്രാക്കറ്റും, ചിഹ്നങ്ങളും, അക്ഷരവും, വാക്കും ചേർക്കേണ്ടതാണ്;

(ബി) "രൂപീകരിക്കുന്ന" എന്ന വാക്കിന് പകരം "നിയമിക്കുന്ന" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(2) 5–ാം ഖണ്ഡികയിൽ,–

(എ) (2)–ാം ഉപഖണ്ഡികയിലെ "സ്പോൺസറിംഗ് ഏജൻസിയുടെ ഓഫീസുകളിലെയും പ്രോജക്റ്റ് സ്ഥലത്തിന് സമീപത്തുള്ള അവരുടെ ഓഫീസുകളിലെയും നോട്ടീസ് ബോർഡുകളിലും, സ്പോൺസറിംഗ് ഏജൻസികളുടെ വെബ്സൈറ്റിലും, പ്രസിദ്ധീകരിക്കേണ്ടതാണ് " എന്ന വാക്കുകൾക്കും, ചിഹ്നങ്ങൾക്കും പകരം "സ്പോൺസറിംഗ് ഏജൻസിയുടെ ഓഫീസുകളിലെ നോട്ടീസ് ബോർഡുകളിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ് " എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (3)–ാം ഉപഖണ്ഡികയിൽ,–

(i) രണ്ടാം വരിയിലെ "സമർപ്പിക്കേണ്ടതാണെന്ന് " എന്ന വാക്കിന് ശേഷമുള്ള "പ്രസ്തുത" എന്ന വാക്ക് വിട്ടു കളയേണ്ടതാണ്;

(ii) "പ്രത്യേക സാഹചര്യങ്ങളിൽ ആയത് ബോർഡിന്റെ അനുമതിയോടു കൂടി പതിനഞ്ച് ദിവസമായി ചുരുക്കാവുന്നതാണ്." എന്ന വാചകവും ചിഹ്നവും വിട്ടു കളയേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(സി) (4)-ാം ഉപഖണ്ഡികക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:-

"പ്രസ്തുത പ്രോജക്റ്റിനെ സംബന്ധിച്ച് ലഭിക്കുന്ന ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിശോധിച്ച് മുപ്പത് ദിവസക്കാലയളവിനുള്ളിൽ അതിന്മേൽ യുക്തമെന്ന് തോന്നുന്ന ഭേദഗതികൾ സ്പോൺസറിംഗ് ഏജൻസി നിർദ്ദേശിച്ചുകൊണ്ട് ഒരു റിപ്പോർട്ട് ബോർഡിന് സമർപ്പിക്കേണ്ടതാണ്.".

(3) (6)-ാം ഖണ്ഡികയിൽ,-

(എ) (1)-ാം ഉപഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:-

"പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിൽ ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ അത് സർക്കാരിനോ പൊതു ഏജൻസിക്കോ സാമ്പത്തികമായി പരമാവധി ഗുണം ചെയ്യുമെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള ആവശ്യത്തിലേക്കായാണ് ബോർഡ് 'വാല്യൂ ഫോർ മണി ടെസ്റ്റ്' നടത്തുന്നത്. പദ്ധതിയുടെ പ്രത്യക്ഷ-പരോക്ഷ ചെലവുകളും നിർവ്വഹണ ചെലവുകളും ധനസഹായച്ചെലവുകളും പദ്ധതി പൂർത്തീകരിച്ചശേഷമുള്ള ആസ്തി കൈമാറ്റ ചെലവുകളും സാധ്യതയുള്ള റിസ്കുകളുടെ മതിപ്പ് ചെലവും 'വാല്യൂ ഫോർ മണി ടെസ്റ്റിൽ' പരിഗണിക്കേണ്ടതാണ്.";

(ബി) (4)-ാം ഉപഖണ്ഡികക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:-

"പ്രോജക്റ്റിന്റെ അവലോകനം, അംഗീകാരം എന്നീ ഘട്ടങ്ങളിലും ദർഘാസിന്റെ പരിശോധനാസമയത്തും വിജയിയായ കരാറുകാരന് ദർഘാസ് നൽകുന്നതിന് മുൻപും ദർഘാസ് നൽകിയതിന് ശേഷവും പിന്നീട് ആവശ്യമായി വരുമ്പോഴൊക്കെയും സാമ്പത്തികമായി പരമാവധി ഗുണം ഉറപ്പുവരുത്തുന്നതിനായി ബോർഡ് തീരുമാനിക്കുന്ന പ്രകാരം പ്രോജക്റ്റിന്റെ വിവിധ ഘട്ടങ്ങളിൽ വാല്യൂ ഫോർ മണി ടെസ്റ്റ് നടത്തേണ്ടതാണ്.".

(4) 7-ാം ഖണ്ഡികയിലെ, (1)-ാം ഉപഖണ്ഡികയിൽ,-

(എ) ഇനം (ബി)-ലെ ക്ലിപ്ത നിബന്ധനയിൽ "(Key Performance Indicators)" എന്നീ ഇംഗ്ലീഷ് വാക്കുകളും ബ്രാക്കറ്റും വിട്ടുകളയേണ്ടതാണ്;

(ബി) ഇനം (എഫ് )-ന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:-

"സാമ്പത്തികചെലവും നേട്ടവും മനസ്സിലാക്കുന്നതിനായി, സാമ്പത്തിക ആന്തരിക വരുമാന നിരക്ക് (ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ-IRR), സാമൂഹിക നേട്ടങ്ങളും ചെലവും മനസ്സിലാക്കുന്നതിനായി, ധനപരമായ വരുമാന നിരക്ക് (ഇക്കണോമിക് റേറ്റ്

ഓഫ് റിട്ടേൺ–ERR) എന്നിവ കണക്കാക്കിക്കൊണ്ടുള്ള പ്രോജക്ടിന്റെ ചെലവിന്റെയും പ്രയോജനത്തിന്റെയും വിശകലനം.".

(5) 9–ാം ഖണ്ഡികയിലെ (1)–ാം ഉപഖണ്ഡികയിലെ "പി.എഫ്.എം.എസ്" എന്നീ അക്ഷരങ്ങൾക്കും ചിഹ്നങ്ങൾക്കും ശേഷം "(പ്രോജക്റ്റ് ആൻഡ് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റം) എന്നീ വാക്കുകളും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

(6) 12–ാം ഖണ്ഡികയിൽ,–

(എ) (4)–ാം ഉപഖണ്ഡികയ്ക്ക് ശേഷം താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:–

"വിശദീകരണം:– ക്ഷമതയുള്ള അധികാരസ്ഥാനം എന്നാൽ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അല്ലെങ്കിൽ ബോർഡ് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ എന്ന് അർത്ഥമാകുന്നു.";

(ബി) (5)–ാം ഉപഖണ്ഡികയിലെ "യുക്തമായ നടപടിക്കായി" എന്ന വാക്കുകൾക്ക് പകരം "നിയമാനുസൃതമായ തുടർനടപടിക്കായി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(7) 14–ാം ഖണ്ഡികയിൽ,–

(എ) (2)–ാം ഉപഖണ്ഡികയിലെ ക്ലിപ്ത നിബന്ധനയ്ക്ക് പകരം താഴെപറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:–

"എന്നാൽ, മൂന്നിൽ രണ്ട് ഭാഗം അംഗങ്ങളുടെ സമ്മതത്തോടെ പ്രസ്തുതകാലയളവിനുള്ളിൽ നോട്ടീസ് നൽകി ഒരു അടിയന്തര യോഗം വിളിക്കാവുന്നതാണ്.";

(ബി) (4)–ാം ഉപഖണ്ഡികയിലെ ക്ലിപ്ത നിബന്ധനയ്ക്ക് പകരം താഴെപറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:–

"എന്നാൽ, അപ്രകാരമുള്ള അജണ്ട എല്ലാ അംഗങ്ങൾക്കും തപാൽ/ ഇ–മെയിൽ മുഖാന്തിരം വിതരണം ചെയ്യേണ്ടതും അപ്രകാരമുള്ള അജണ്ടയും തീരുമാനവും അല്ലെങ്കിൽ പ്രമേയവും അടുത്ത ബോർഡ് യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.".

(8) 15–ാം ഖണ്ഡികയിലെ (1)–ാം ഉപഖണ്ഡികക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:–

"ബോർഡിലെ ഓരോ സ്വതന്ത്ര അംഗത്തിനും ഇരുപതിനായിരം രൂപ നിരക്കിലോ സർക്കാർ, കാലാകാലങ്ങളിൽ, പരിഷ്കരിക്കുന്ന നിരക്കിലോ ബോർഡ് യോഗങ്ങളിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പങ്കെടുക്കുന്നതിന് സിറ്റിംഗ് ഫീസ് നൽകേണ്ടതാണ്. ബോർഡ്, ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷനിലെ അംഗങ്ങൾക്ക് ഇരുപതിനായിരം രൂപ നിരക്കിലോ സർക്കാർ, കാലാകാലങ്ങളിൽ, പരിഷ്കരിക്കുന്ന നിരക്കിലോ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് സിറ്റിംഗ് ഫീസ് നൽകേണ്ടതാണ്.".

(9) 16–ാം ഖണ്ഡികയിലെ,–

(എ) (2)–ാം ഉപഖണ്ഡികയിലെ "ബോർഡിന്റെ കണക്കുകൾ അക്കൗണ്ട് സംബന്ധിച്ച്" എന്ന വാക്കുകൾക്ക് പകരം "ബോർഡിന്റെ വാർഷിക കണക്കുകൾ, അക്കൗണ്ട് സംബന്ധിച്ച്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (3)–ാം ഉപഖണ്ഡികയിലെ "വേതനം" എന്ന വാക്കിന് പകരം "പ്രതിഫലം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. എ. ജയതിലക്,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് ഭേദഗതി വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1999–ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്റ്റിലെ (2000–ലെ 4) 3–ാം വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, 2021 ഡിസംബർ 8–ാം തീയതിയിലെ സ.ഉ.(അച്ചടി)നം.167/2021/ധനം പ്രകാരം പുറപ്പെടുവിച്ചതും, 2021 ഡിസംബർ 24–ാം തീയതിയിലെ 3797–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 986/2021 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2021–ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതിയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2023–2026)–യുടെ 35–ാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ള ഭേദഗതികൾ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഭേദഗതി വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.03.25 07:00:47 +05:30